6237

എൻ2/7307/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 06/09/2019
ഫോൺ നമ്പർ. 0471-2328438
ഇ-മെയിൽ - dgescholarship@gmail.com

A3

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് - അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നത് - സംബന്ധിച്ച നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത്.

സൂചന :- എഫ്1/10/10 നമ്പറിലെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ തീയതി.25/07/2017

കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ ഒരു പ്ലാറ്റ്ഫോമിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന അർഹരായ കുട്ടികൾ **നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - (NSP-2.0)** വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. ഓൺലൈൻ അപേക്ഷ സമർപ്പിക്കാത്ത കുട്ടികളെ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല.

2019-20 വർഷം പുതിയതായി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളും (ഇപ്പോൾ 9-ാം ക്ലാസ്), 2018-19 ൽ സ്കോളർഷിപ്പിന് അർഹത നേടിയവരും/സ്കോളർഷിപ്പ് പുതുക്കാനുള്ളവരുമായ (ഇപ്പോൾ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ) എല്ലാ വിദ്യാർത്ഥികളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി ഇപ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.**

A3-6237/19/LDIS DE 30/09/2019.
എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ
തൃശ്ശൂർ
30/9/19.

- NMM സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ.എഫ്.എസ്. കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റുകൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.
- പോർട്ടലിൽ സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഐഡി ലഭിക്കുന്നതിന് വേണ്ടി ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ സ്കോളർഷിപ്പ് കാറ്റഗറിയിൽ "പ്രീ-മെട്രിക്ക്" സെലക്ട് ചെയ്യുക. സ്കീം ടൈപ്പ് എന്ന കോളത്തിൽ സ്കോളർഷിപ്പ് സ്കീം സെലക്ട് ചെയ്യുക.
- ഐ.ഡിയും ജനന തീയതിയും ഉപയോഗിച്ച് Login to apply എന്ന ലിങ്ക് വഴി Login ചെയ്തശേഷം പുതിയ പാസ്‌വേർഡ് എടുക്കേണ്ടതാണ്.
- അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന User ID/Password ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.
- ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ SC/ST വിഭാഗം കുട്ടികൾ ഒഴികെ മറ്റുള്ള എല്ലാ കുട്ടികളും കാറ്റഗറി (കമ്മ്യൂണിറ്റി) ജനറൽ എന്ന് രേഖപ്പെടുത്തുക.
- NMMS ന് അപേക്ഷിക്കുന്ന കുട്ടികൾ Competative Exam Passed എന്ന കോളത്തിൽ NMMS എന്ന് സെലക്ട് ചെയ്യേണ്ടതാണ്. തുടർന്ന് NMMS പരീക്ഷ റോൾ നമ്പർ, പരീക്ഷ നടത്തിയ വർഷം, സ്റ്റേറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക.

**ഓൺലൈൻ അപേക്ഷകൾ ഒക്ടോബർ 15 വരെ സമർപ്പിക്കാവുന്നതാണ്.<br>ഒരു കാരണവശാലും തീയതി ദീർഘിപ്പിച്ചു നൽകുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് :-

www.scholarships.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക

നേരിട്ടുള്ള വിവരങ്ങൾക്ക്

0471-2328438, 0471-2580583, 9496304015 (ആഫീസ്), 8330818477<br>എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ<br>പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് -
1. എല്ലാ ഡി.ഡി.ഇ. മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും
} സ്കൂളുകൾക്ക് അടിയന്തിരമായി ഇത് സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതാണ്.

3. ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE, പൂജപ്പുര,
} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.